# Corporate Educational Agency
## Diocese of Palai

## A+ നേടിയവരെ അനുമോദിക്കുന്നു

പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിലെ വിവിധ സ്കൂളുകളിൽ നിന്നും ഈ വർഷം SSLC , Plus 2 പരീക്ഷയിൽ A+ നേടിയ എല്ലാ വിദ്യാർത്ഥികളേയും ടീച്ചേഴ്സ് ഗിൽഡിന്റേയും ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിന്റെയും ആഭിമുഖ്യത്തിൽ 2017 മെയ് 24 ബുധനാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് ചൂണ്ടച്ചേരി സെന്റ് ജോസഫ് എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ ആദരിയ്ക്കുന്നതാണ്. പ്രസ്തുത സമ്മേളനം മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നതാണ്.

എല്ലാ പ്രധാനാദ്ധ്യാപകരും കുട്ടികളെ അന്നേ ദിവസം പാലാ സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ ഉച്ചയ്ക്ക് 1.30 ന് എത്തിയ്ക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അവിടെ നിന്നും എഞ്ചിനീയറിംഗ് കോളേജിന്റെ ബസ്സുകളിൽ ചൂണ്ടച്ചേരിയിൽ എത്തിയ്ക്കുന്നതാണ്. 2 മണിയ്ക്ക് സമ്മേളനം ആരംഭിക്കുന്നതാണ്. ചൂണ്ടച്ചേരി കോളേജിന്റെ സമീപ പ്രദേശങ്ങളിലുള്ളവർ ഭരണങ്ങാനത്തും പ്രവിത്താനത്തും എത്തിച്ചേർന്നാൽ അവിടെനിന്നും കോളേജിലേയ്ക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതുമാണ്. സമ്മേളനത്തിനുശേഷം കുട്ടികളെ സെന്റ് മേരീസ് സ്കൂൾ അങ്കണത്തിൽ തിരികെ എത്തിക്കുന്നതാണ്.

ഫാ. ബെർക്കുമാൻസ് കുന്നുംപുറം
കോർപ്പറേറ്റ് മാനേജർ